## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1865 — 07.03.2018 — ൽ മറുപടിക്ക്

## റേഷൻകട തലത്തിൽ അദാലത്തുകൾ നടത്തി തീർപ്പ് കൽപിച്ച അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോജി എം. ജോൺ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻകട തലത്തിൽ അദാലത്തുകൾ നടത്തി തീർപ്പ് കൽപിച്ച അപേക്ഷകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. വിശദാംശങ്ങൾക്കായി 15.02.18 ലെ സർക്കുലർ നം.1971864/ബി3/17/ഭ.പൊ.വി.വ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മുൻഗണനാ പട്ടികയിൽ ഒരേ മാർക്ക് ലഭിച്ചവരുടെ മുൻഗണനാ ക്രമം എപ്രകാരമാണ് നിശ്ചയിക്കുന്നത് ; | (ബി) 14.1.11 ലെ സർക്കാർ ഉത്തരവ് (കൈ)നം.16/2011/ ത.സ്വ.ഭ.വ യുടെ അനുബന്ധം പ്രകാരം മാനദണ്ഡങ്ങൾ ഉപയോഗിച്ചിട്ടും തുല്യ മാർക്ക് ലഭിക്കുകയാണെങ്കിൽ അംഗങ്ങൾ കൂടുതലുള്ള കുടുംബത്തിന് കൂടുതൽ പരിഗണനന നൽകുന്നതാണ്. |
| (സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് എപ്രകാരമാണ് അന്ത്യോദയ അന്ന യോജന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കുമോ ? | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ ചട്ടം 3 ഉപചട്ടം (4) പ്രകാരമാണ് അന്ത്യോദയ അന്ന യോജനയിൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ

പ്രസംബന്ധം

# കേരള സർക്കാർ
## ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

നം. 1971864/ബി3/17/ഭ.സി.സ.വ.

തിരുവനന്തപുരം
തീയതി 15.02.18

## സർക്കുലർ

വിഷയം :- മുൻഗണനാ പട്ടികയിൽ വന്ന അപാകതകൾ പരിഹരിച്ച് നടപടി സ്വീകരിക്കുന്നത് – നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 18.09.17 ലെ സ.ഉ(സാധാ)നം. 320/17/ഭ.പൊ.വി.വ.

സൂചന പ്രകാരം മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മുൻഗണനാ പട്ടികയിൽ വന്ന പരാതികളിന്മേൽ റേഷൻ കട തലത്തിൽ അദാലത്തുകൾ നടത്തി തീർപ്പ് കൽപ്പിച്ച അപേക്ഷകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1) റേഷൻകട തലത്തിൽ നടത്തിയ അദാലത്തുകളിൽ തീർപ്പാക്കിയവ അതാത് താലൂക്ക് തലത്തിൽ വന്ന ഒഴിവുകളിന്മേൽ ഉൾപ്പെടുത്തേണ്ടതാണ്.
2) താലൂക്ക് തലത്തിൽ കണ്ടെത്തിയിരിക്കുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുവാൻ താലൂക്ക് തലത്തിൽ കണ്ടെത്തിയിരിക്കുന്ന കുടുംബങ്ങളെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
3) നിർബന്ധമായും എ.എ.വൈ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തേണ്ടതും എന്നാൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ ചുവടെ പറയുന്ന രീതിയിൽ മുൻഗണനാ ക്രമം നിശ്ചയിക്കേണ്ടതാണ്.
   i. ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
   ii. പട്ടികവർഗ്ഗം
   iii. നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം/വിധവ ഗൃഹനാഥയായ കുടുംബം/അവിവാഹിതയായ അമ്മ ഗൃഹനാഥയായ കുടുംബം/ഉപേക്ഷിക്കപ്പെട്ട സ്ത്രീ ഗൃഹനാഥയായ കുടുംബം (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്തത്)
   iv. മാരകമായ അസുഖം ബാധിച്ചവർ
4) സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ താഴെ പറയുന്ന മാനദണ്ഡങ്ങളിൽ മുൻഗണന നിശ്ചയിക്കേണ്ടതാണ്.
   i. പട്ടികജാതി കുടുംബം
   ii. നിർദ്ധനരായ ഭൂരഹിത/ഭവന രഹിത/പുറമ്പോക്കിൽ താമസിക്കുന്നവർ
   iii. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർ ഉള്ള കുടുംബം
   iv. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ ഉൾപ്പെട്ട കുടുംബം

5) എ.എ.വൈ. വിഭാഗത്തിൽ കൂടുതൽ ഒഴിവുകൾ ഉണ്ടാവുകയും എന്നാൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട കുടുംബങ്ങളുടെ എണ്ണം കുറവുമാണെങ്കിൽ ഒഴിവു വരുന്ന എ.എ.വൈ. വിഭാഗത്തിൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.

6) എ.എ.വൈ പദ്ധതി നടപ്പിൽ വന്ന 2000-ാമാണ്ടിൽ 250/- രൂപ പ്രതിമാസവരുമാനമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിലെ പരമ ദരിദ്രരായവരെയാണ് എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നത്. പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം പരാശ്രയമില്ലാത്ത വൃദ്ധർ, ബലഹീനർ, ഗർഭിണികൾ, വിധവകൾ, മുലയൂട്ടുന്ന അമ്മമാർ, ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവർ അടങ്ങിയ കുടുംബങ്ങൾക്ക് മറ്റ് സ്ഥിര വരുമാനമില്ലെങ്കിൽ ആ കുടുംബങ്ങളേയും ആദിവാസി കുടുംബങ്ങളേയും, ശാരീരിക മാനസിക വെല്ലുവിളികൾ മൂലം അവശത അനുഭവിക്കുന്നവരും മറ്റ് വരുമാന മാർഗ്ഗമില്ലാത്തവരും ഉൾപ്പെടുന്ന കുടുംബങ്ങളേയും ആണ് അന്ത്യോദയ അന്നയോജന പദ്ധതിയിൽ അംഗങ്ങളാക്കേണ്ടത്.

7) സംസ്ഥാനത്ത് മുൻഗണനാ പട്ടികയുടെ റാങ്കിംഗ് തയ്യാറാക്കിയത് സംസ്ഥാന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. അന്ത്യോദയ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കേണ്ടതുണ്ട്. കൂടാതെ, സ്ഥിരം തൊഴിലില്ലാത്തവർ എന്ന് അപേക്ഷയിൽ രേഖപ്പെടുത്തി ക്ലേശഘടക നിർണ്ണയ പ്രകാരം 5 മാർക്കിൽ കൂടുതൽ വാങ്ങി പട്ടികയിൽ മുൻഗണന നേടിയവർക്ക് പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ലഭിച്ച റാങ്ക് എത്രയെന്ന് പ്രത്യേകം പരിശോധിക്കേണ്ടതും അനർഹമായി മുൻഗണനാ ക്രമം നേടിയവരെ യഥാർത്ഥ റാങ്ക് കണ്ടു പിടിച്ച് പുന:ക്രമീകരിക്കേണ്ടതുമാണ്. അനർഹരായവരെന്ന് കണ്ടെത്തിയവരുടെ എണ്ണവും അപേക്ഷ നൽകിയവരുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് ആനുപാതികമായി വീതം വെച്ച് നൽകുന്നതിന് ശ്രമിക്കേണ്ടതാണ്. താലൂക്കുകളിൽ അധികമായി ലഭിക്കുന്ന ഒഴിവുകൾ മറ്റ് താലൂക്കുകളിലേക്ക് നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ സമർപ്പിക്കേണ്ടതാണ്.

മണിലാൽ ബി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും } (സിവിൽ സപ്ലൈസ് ഡയറക്ടർ മുഖാന്തിരം)
എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും
സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി., തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് —(പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ബി.പി.എൽ സർവ്വേ 2009 – ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം.16/2011/തസ്വഭവ തീയതി, തിരുവനന്തപുരം, 14-01-2011

---

പരാമർശം: സർക്കാർ ഉത്തരവ് (കൈ) നം.62/2009/തസ്വഭവ, തീയതി 27-04-2009

### ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് പുതിയ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനായി അദ്ധ്യാപകരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിന് മേൽ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ബി.പി.എൽ സർവ്വേ 2009ന് വേണ്ടി അദ്ധ്യാപകർ സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തി. എന്യൂമറേറ്റർമാർ നിശ്ചിതവാർഡിലെ നിശ്ചിത പ്രദേശത്തെ എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കുവാനുള്ള 'എ' ഫാറവും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള 'ബി' ഫാറവും ഉൾപ്പെടെ ദാരിദ്ര്യ രേഖാ സർവ്വേയ്ക്കായി രണ്ട് തരം ഫോറങ്ങളാണ് ഉപയോഗിച്ചത്. 'എ' ഫോറം സർവ്വേ ചെയ്യുമ്പോൾ ചില പ്രത്യേക വിഭാഗങ്ങളിൽപ്പെട്ട കുടുംബമാണെങ്കിൽ പ്രസ്തുത കുടുംബം പ്രഥമ ദൃഷ്ട്യാ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബമാണെന്ന അനുമാനത്തിൽ, ഇത്തരം കുടുംബങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ 'ബി' ഫോറത്തിൽ ശേഖരിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നു. 'ബി' ഫോറത്തിൽ ദാരിദ്ര്യ നിർണ്ണയത്തിന് ഉതകുന്ന സൂചകങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

(3) ദാരിദ്ര്യരേഖാ സെൻസസ്സ് പ്രകാരം ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ആയതിന്റെ ഡേറ്റാ ബേസ് തയ്യാറാക്കുകയും ചെയ്തു. ദാരിദ്ര്യരേഖാ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക ('ബി' ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളുടെ പട്ടിക) തയ്യാറാക്കി ഈ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിയ്ക്കുകയും, വെബ്സൈറ്റിൽ നൽകുകയും, ഇത് ഗ്രാമസഭയിൽ സമർപ്പിക്കുകയും ആക്ഷേപങ്ങളും പരാതികളും നൽകുന്നതിന് അവസരം നൽകുകയും ചെയ്തു. ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കേണ്ടതായിട്ടുണ്ട്.

(4) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും അവയുടെ വെയിറ്റേജിനും സർക്കാർ അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അംഗീകാരം നൽകിയ സൂചകങ്ങളും വെയിറ്റേജും ഈ ഉത്തരവിന്റെ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(5) ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള സൂചകങ്ങളുടേയും അവയുടെ വെയിറ്റേജ് മാർക്കിന്റെയും അടിസ്ഥാനത്തിൽ നഗര പ്രദേശങ്ങളിലെയും ഗ്രാമ പ്രദേശങ്ങളിലെയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1. നഗരപ്രദേശങ്ങൾ:- നഗര പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹരായ (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്.

2. ഗ്രാമപ്രദേശങ്ങൾ:-

(i) ഗ്രാമ പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെയും ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ii) ഗ്രാമ പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ അല്ലാതെയുള്ള കുടുംബങ്ങളിൽ കുറഞ്ഞത് 16 മാർക്കോ അതിലധികമോ ലഭിക്കുന്ന കുടുംബങ്ങളെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(iii) മേൽ 1,2 മാനദണ്ഡങ്ങൾ പ്രകാരം ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുമ്പോൾ, ദരിദ്രകുടുംബങ്ങളുടെ ശതമാനം ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണത്തിന്റെ 25%-ൽ താഴെ വരുകയാണെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25 ശതമാനമോ അല്ലെങ്കിൽ ബി- ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളുടെ എണ്ണമോ അതിൽ ഏതാണോ കുറവ് എന്ന കണക്കിൽ നിജപ്പെടുത്തേണ്ടതാണ്.

(6) ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്നു കാണുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും എന്നും ഉത്തരവാകുന്നു.

(7) ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ച അവസരത്ത ലഭിച്ച അപേക്ഷകളും പരാതികളും, ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ ഇനി ക്കുന്ന അപേക്ഷകളും പരാതികളും അദ്ധ്യാപകരെ ഉപയോഗിച്ച് പരിശോധിപ്പിക്കുന്നതിന് ജില്ലാ കളക്ടർമ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അദ്ധ്യാപകർക്ക് സർവ്വേ നടത്തുന്നതിന് മുൻപ് നൽകിയ നിരക്കിൽ ഇ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാ
**എസ്.എം.വിജയാന**
**അഡീഷണൽ ചീഫ് സെക്ര**

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും (സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി.) വകുപ്പിന് (ഇനം നം. , തീയതി: പ്രകാരം )
17. ഡയറക്ടർ, ഐ.കെ.എം., (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രക

സെക്ഷൻ ഓഫ

14.1.11 ലെ സർക്കാർ ഉത്തരവ് (കൈ) നം 16/2011/തസ്വഭവ യുടെ

## അനുബന്ധം

### ദാരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും – അവയുടെ വെയിറ്റേജും

| ക്രമ നം. | സൂചകങ്ങൾ | വെയിറ്റേജ് മാർക്ക് | റിമാർക്സ് |
|---|---|---|---|
| എ. ശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
| 1. | സ്ത്രീ ഗൃഹനാഥയായ കുടുംബം | 05 | |
| 2. | അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ/വിധവ | 05 | |
| 3. | മാരകമായ രോഗങ്ങൾ- കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയിഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം എന്നിവ | 05 | |
| 4. | സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യ മേഖലയിലോ, സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ | 05 | |
| 5. | സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ (20 വയസ്സിൽ താഴെ) | 05 | |
| 6. | വൃദ്ധർ (65 വയസ്സിനു മുകളിൽ) | 05 | |
| 7. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 10 | |
| 8. | പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/മുഖ്യ തൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ<br><br>1. കൂലിവേല<br>2. പട്ടികജാതി<br>3. കർഷക തൊഴിലാളി<br>4. പരമ്പരാഗത മീൻപിടുത്തക്കാർ<br>5. പട്ടികവർഗം<br>6. കെട്ടിട നിർമ്മാണപണി സഹായി<br>7. മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ<br>8. ഹോട്ടൽ തൊഴിലാളികൾ<br>9. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ<br>10. തയ്യൽക്കട/തയ്യൽജോലി/എംബ്രോയിഡറി<br>11. കയർ തൊഴിലാളി<br>12. ചുമട്ടുതൊഴിലാളി<br>13. വർക്ക്ഷോപ്പ് തൊഴിലാളികൾ<br>14. തട്ടുകട/പെട്ടിക്കട നടത്തുന്നവർ<br>15. തോട്ടം തൊഴിലാളി<br>16. അന്യഗൃഹങ്ങളിൽ വീട്ടുജോലി<br>17. കശുവണ്ടി തൊഴിലാളി<br>18. സ്വർണ്ണപ്പണിക്കാർ<br>19. ബീഡി തൊഴിലാളി<br>20. തെങ്ങ്/പന കയറ്റ തൊഴിലാളി<br>21. ബാർബർ<br>22. ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)<br>23. നെയ്ത്ത<br>24. പച്ചക്കറി കച്ചവടം<br>25. ക്ഷേത്രേതര വസ്തുക്കൾ കൊണ്ടുനടന്ന് വിൽക്കുന്നവർ<br>26. ലോട്ടറി ടിക്കറ്റ് വില്പന<br>27. മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ<br>28. വഴിയോര വാണിഭക്കാർ<br>29. കരകൗശല തൊഴിലാളി<br>30. മൺപാത്ര നിർമ്മാണം<br>31. ഈറ, മുള, പനമ്പ് പണിക്കാർ<br>32. അലക്കുകാർ | 10 | ഏതെങ്കിലും ഒരു വിഭാഗം |

| | | | |
|---|---|---|---|
| 9. | ആശ്രയ ഗുണഭോക്താവ് | 05 | |
| | ആകെ (എ) | 55 | |
| ബി. | ഉടമസ്ഥാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | |
| 1. | വീട് വയ്ക്കുന്നതിന് ഭൂമിയില്ല | 10 | രണ്ടിൽ ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| 2. | പുറമ്പോക്കിൽ താമസിക്കുന്നവർ | 20 | |
| 3. | വീടിന്റെ സ്ഥിതി | | |
| | എ. വീടില്ല | 10 | ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| | ബി. കുടിൽ | 07 | |
| | സി. ഓല/പുല്ല് മേഞ്ഞത് | 05 | |
| | ഡി. ഭാഗികമായി പൂർത്തിയായത്/ ജീർണ്ണിച്ചത് | 03 | |
| 4. | സുരക്ഷിതമായ കക്കൂസില്ല | 05 | |
| 5. | 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൻ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല | 05 | |
| 6. | വൈദ്യുതി ലഭ്യമല്ല | 05 | |
| | ആകെ (ബി) | 45 | |
| | ആകെ (എ+ബി) | 100 | |

- ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കുകയുള്ളൂ.
- എ. വിഭാഗത്തിലെ 2,3,4,5,6,7 എന്നീ സൂചകങ്ങൾ ബാധിതമായ വ്യക്തികൾ ഒരു കുടുംബത്തിൽ ഒന്നിലധികമുണ്ടെങ്കിൽ ഓരോരുത്തർക്കും 5 മാർക്ക് വീതം നൽകുന്നതാണ് (കുടുംബത്തിന്റെ ആകെ മാർക്ക് 100 കവിഞ്ഞാലും ഇപ്രകാരം മാർക്ക് നൽകും).
- ഒന്നിലധികം കുടുംബങ്ങൾക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപറയുന്ന മാനദണ്ഡം ഉപയോഗിക്കാവുന്നതാണ്.

(1) പട്ടിക വർഗ്ഗ വിഭാഗം

(2) പട്ടിക ജാതി വിഭാഗം

(3) പുറമ്പോക്കിൽ വസിക്കുന്നവർ

(4) അവിവാഹിതയായ അമ്മ /ഉപേക്ഷിക്കപ്പെട്ട സ്ത്രീ/ വിധവ എന്നിവർ ഉൾപ്പെട്ട കുടുംബം

(5) മാരകമായ രോഗം ബാധിച്ച വ്യക്തി / വ്യക്തികൾ ഉള്ള കുടുംബം

(6) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി/ വ്യക്തികൾ ഉള്ള കുടുംബം

(7) 65 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തി/ കൾ ഉള്ള കുടുംബം

(8) പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ

ഈ മാനദണ്ഡങ്ങളെല്ലാം ഉപയോഗിച്ചിട്ടും തുല്യമാർക്ക് ലഭിക്കുകയാണെങ്കിൽ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ (കൂടുതലുള്ളവർക്ക് മുന്തിയ പരിഗണന) മുൻഗണന നിശ്ചയിക്കാവുന്നതാണ്.